# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടി സമാപിച്ചു

കണ്ണൂർ: കോട്ടയം അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ കണ്ണൂർ ശ്രീപുരം ട്രെയിനിംഗ് സെന്ററിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടി സമാപിച്ചു. സമാപന സമ്മേളനം ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി. സുഗതൻ ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരി, ജില്ലാ അഗ്രിഹോർട്ടികൾച്ചറൽ സൊസൈറ്റി സെക്രട്ടറി ബി.പി. റൗഫ്, എംഎസ്എസ്എസ് ഡയറക്ടർ ഫാ. സുനിൽപെരുമാനൂർ, പ്രോഗ്രാം മാനേജർ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. തെങ്ങുകയറ്റ പരിശീലനം, കോക്കനട്ട് ഒളിംപിക്സ് എന്നിവയും നടത്തി. വിജയികൾക്കു കാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണവും നടന്നു.



മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ കണ്ണൂർ ശ്രീപുരം ട്രെയിനിംഗ് സെന്ററിൽ സംഘടിപ്പിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയുടെ ഭാഗമായി നടന്ന തെങ്ങുകയറ്റ പരിശീലനം. -ദീപിക